## സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ: ആർ ഗിരിജ, ഐ എ എസ്)

തിരുവനന്തപുരം — തീയതി: **29/12/2020**

വിഷയം: സർവ്വെയും ഭൂരേഖയും വകുപ്പ് –ജീവനക്കാര്യം– ട്രേസർ തസ്തിക– ചെയിൻമാൻ, ബൈന്റർ, ഡ്രൈവർ തസ്തികയിൽ നിന്നും ട്രേസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം –ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന : 1. സർക്കാർ ഉത്തരവ് (സാ.ധാ) 2379/2020/റവ തീയതി 3.07.2020 2.ഈ ഓഫീസിലെ 24.11.20 ലെ ഇതേ നം നടപടിക്രമം

3.സർവ്വെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാർ ഓഫീസ് മേധാവിക ൾ മുഖേന സമർപ്പിച്ച അപേക്ഷകൾ

4.ഡെപ്യൂട്ടി ഡയറക്ടർ, റീസർവ്വെ, കൊല്ലത്തിന്റെ 3.11.20 ലെ എ 1/1992/20 നം കത്ത്

5.അസി.ഡയറക്ടർ, റേഞ്ച് ,പത്തനംതിട്ടയുടെ 10 .12.20 ലെ എ 1/1033/20 നം കത്ത്

6.അസി.ഡയറക്ടർ, റേഞ്ച്, കോഴിക്കോടിന്റെ 7.12.20 ലെ ബി1/1408/20 നം കത്ത്

7.എ 1,എ 2,ജി5,ജി7 സെക്ഷനുകളിൽ നിന്നും ലഭ്യമായ റിമാർക്സ്

സർവ്വെയും ഭൂരേഖയും വകുപ്പിൽ ചെയിൻമാൻ, ബൈന്റർ, ഡ്രൈവർ തസ്തികയിൽ നിന്നും ട്രേസർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനവും തസ്തിക മാറ്റം വഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം നിശ്ചയിച്ചുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ ട്രേസർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് വേണ്ട യോഗ്യത നേടിയവരുടെ വിവരം റിപ്പോർട്ടു ചെയ്യുന്നതിന് വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലേക്കും നിർദ്ദേശം നൽകുകയും എല്ലാ സബ് ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. ഇപ്രകാരം ലഭ്യമായ അപേക്ഷകളിൽ ടി തസ്തികയിലേക്ക് കേരള സർവ്വെ ആന്റ് ലാന്റ് റിക്കോർഡ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം നിർദ്ദിഷ്ട യോഗ്യത നേടിയ ജീവനക്കാരുടെ വിവരം അന്തിമമാക്കി സൂചന(2) പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ടി അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും അർഹരായിട്ടുള്ള ചുവടെ ചേർക്കുന്ന ചെയിൻമാൻ, ബൈന്റർ, ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർ പ്രൊബേഷൻ പൂർത്തീകരിച്ച വിവരവും , ഇവർക്കെതിരെ അച്ചടക്ക നടപടികൾ നിലവിലില്ല എന്ന വിവരവും സൂചന (5)(6)(7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ, കേരള സർവ്വെ ആന്റ് ലാന്റ് റിക്കോർഡ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ട്രേസർ തസ്തികയിലേക്ക് കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ ടെസ്റ്റ് പാസ്സായ സൂചന(2) സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരെ "മറ്റു തസ്തികയിൽ നിന്നും ട്രാൻസ്ഫർ മുഖേനയുള്ള നിയമനം " എന്ന വ്യവസ്ഥയിൽ Rs.19000-43600 രൂപ ശമ്പള സ്കെയിലിൽ ട്രേസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ചുവടെ ചേർക്കും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| നം | എംപ്ലോ. ഐ .ഡി | പേരും തസ്തികയും | നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 4327 | ഇസ്മയിൽ കെ ടി കെ, ചെയിൻമാൻ | അസി.ഡയറക്ടർ(റേഞ്ച്), കോഴിക്കോട് | കളക്ടറേറ്റ്, കോഴിക്കോട് |
| 2 | 5473 | മനോഹരൻ കെ പി, ചെയിൻമാൻ | അസി.ഡയറക്ടർ(റേഞ്ച്), കോഴിക്കോട് | കളക്ടറേറ്റ്, കണ്ണൂർ |
| 3 | 5402 | സരിത എസ്, ചെയിൻമാൻ | അസി.ഡയറക്ടർ(റേഞ്ച്), പത്തനംതിട്ട | കളക്ടറേറ്റ്, ആലപ്പുഴ |
| 4 | 5564 | സുനിത എം ജി, ചെയിൻമാൻ | അസി.ഡയറക്ടർ(റേഞ്ച്), പത്തനംതിട്ട | കളക്ടറേറ്റ്, കോട്ടയം |

ടി സ്ഥാനക്കയറ്റം തികച്ചും താൽക്കാലികമായിരിക്കുന്നതാണ്. ട്രേസർ തസ്തികയിലെ പ്രൊബേഷൻ കാലാവധി തുടർച്ചയായ 3 വർഷ സേവനത്തിലെ 2 വർഷമാണ്. ബന്ധപ്പെട്ട ഓഫീസ് മേധാവികൾ പ്രസ്തുത ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും, ടിയാളുകളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുൻപായി ബന്ധപ്പെട്ട യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. ജീവനക്കാരുടെ സേവന പുസ്തകത്തിലും, സ്റ്റാഫ് മാനേജ്മെന്റ് സിസ്റ്റത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് ടി വിവരം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതുമാണ്.

Signature vali

Digitally signed by R GIRIJA
Date: 2020.12.29 16:31:51
Reason: Approved

SURVEY DIRECTOR
സർവ്വേ ഡയറക്ടർ

വ്യക്തികൾക്ക്

പകർപ്പ്

1. ജില്ലാ കളക്ടർ, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ
2. ഡെപ്യൂട്ടി ഡയറക്ടർ, റീസർവ്വെ, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ
3. അസി.ഡയറക്ടർ, റേഞ്ച്, പത്തനംതിട്ട
4. അസി.ഡയറക്ടർ, റേഞ്ച്, കോഴിക്കോട്
5. സർവ്വേ വകുപ്പിന്റെ വെബ് സൈറ്റ്
6. കരുതൽഫയൽ